മലയാളം വിക്കിപീഡിയയുടെ **2009 ജൂലൈ** മാസത്തെ സ്ഥിതിവിവരക്കണക്കുകളും, ജൂലൈ മാസത്തിൽ മലയാളം വിക്കിപീഡിയയിൽ നടന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും ആണ് ഇത്. മെറ്റാവിക്കിയിൽ നിന്ന് ലഭിച്ച വിവരങ്ങളും, വിവിധ വിക്കിടൂളുകളുടേയും സഹായത്തോടെ ലഭിച്ച വിവരങ്ങളും ആണ് ഈ റിപ്പോർട്ട് തയ്യാറാക്കുവാൻ ഉപയോഗിച്ചത്.

- 2009 മെയ് മാസം മലയാളം വിക്കിപീഡിയയിൽ 220 ലേഖനങ്ങൾ പുതുതായി കൂട്ടിച്ചേർക്കപ്പെട്ടു. 2009 ജൂലൈ മാസം അവസാനിക്കുമ്പോൾ മലയാളം വിക്കിപീഡിയയിൽ 10,491 ലേഖനങ്ങൾ ഉണ്ടായിരുന്നു.
- പേജ് ഡെപ്ത് 155ൽ നിന്നു് 165 ആയി ഉയർന്നു. പേജ് ഡെപ്ത്തിൽ നമ്മൾ ലോക വിക്കിപീഡിയകളിൽ (കുറഞ്ഞത് 1000 ലെഖനമെങ്കിലും ഉള്ള വിക്കിപീഡിയകളിൽ) അഞ്ചാം സ്ഥാനത്താണിപ്പോൾ. അതായത് ഒരു വിക്കികൂടി പേജ് ഡെപ്ത്തില് നമ്മളെ മറികടന്നു. ഇംഗ്ലീഷ് (441), ഹീബ്രു (187), സിംഹള (174) അറബി (168) എന്നീ വിക്കിപീഡിയകൾ ആണ് 1,2,3,4 സ്ഥാനങ്ങളിൽ. എങ്കിലും പേജ് ഡെപ്ത്തിന്റെ കാര്യത്തിൽ ഇന്ത്യൻ വിക്കിപീഡിയകളിൽ നമ്മൾ ഇപ്പൊഴും ഒന്നാം സ്ഥാനം നിലനിർത്തുന്നു. മറ്റ് ഇന്ത്യൻ വിക്കിപീഡിയകളേക്കാൾ നമ്മൾ ബഹുദൂരം മുൻപിലുമാണ്.നമ്മുടെ തൊട്ട് പിറകിലുള്ള ബംഗാളി വിക്കിയുടെ പെജ് ഡെപ്ത്ത് 62 മാത്രമാണ്.
- ഇതു വരെയുള്ള തിരുത്തലുകളുടെ എണ്ണം: 4,09,246. 2009 ജൂലൈ മാസം മലയാളം വിക്കിപീഡിയയിൽ 22,486 തിരുത്തലുകളാണ് നടന്നത്. 2009 ജൂൺ മാസത്തെ അപേക്ഷിച്ച് തിരുത്തലുകളുടെ എണ്ണം കൂടിയിട്ടുണ്ട്. എങ്കിലും സജീവ ഉപയോക്താക്കളുടെ എണ്ണത്തിനനുസരിച്ച് നമ്മുടെ വിക്കിപീഡിയയിലെ തിരുത്തലുകളുടെ എണ്ണം വർദ്ധിക്കുന്നില്ല.
- ഇതു വരെ വിക്കിയിൽ അംഗത്വമെടുത്ത ഉപയോക്താക്കളുടെ എണ്ണം: 11,993. 2009 ജൂലൈ മാസത്തിൽ ഏതാണ്ട് 565ഓളം പേരാണു പുതുതായി അംഗത്വമെടുത്തത്. 17,394 രജിസ്റ്റേർഡ് ഉപയൊക്താക്കളുമായി ഹിന്ദി വിക്കിപീഡിയ ആണ് ഇന്ത്യൻ ഭാഷകളിലുള്ള വിക്കിപീഡിയകളിൽ ഉപയോക്താക്കളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത്. ഹിന്ദി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രജിസ്റ്റേർഡ് ഉപയോക്താക്കൾ മലയാളത്തിലാണ്. നമ്മുടെ തൊട്ടുപിറകേ 10,675 ഉപയോക്താക്കളുമായി തെലുഗ്ഗും 10,299 ഉപയോക്താക്കളുമായി തമിഴും വിക്കിപീഡിയകൾ ഉണ്ട്.
- ഇതുവരെ വിക്കിയിൽ അപ്‌ലോഡ് ചെയ്ത ചിത്രങ്ങളുടെ എണ്ണം:6030. 2009 ജൂലൈ മാസത്തിൽ 90 ഓളം ചിത്രങ്ങളാണ്

നമ്മുടെ വിക്കിപീഡിയയിൽ 10,000-ത്തിന് മുകളിൽ തിരുത്തലുകൾ വരുത്തിയ ഉപയൊക്താക്കൾ താഴെ പറയുന്നവരാണ്. അവർ വരുത്തിയ തിരുത്തലുകളുടെ എണ്ണം പേരിന് നേരെ കൊടുയ്ത്തിരിക്കുന്നു.

- Vssun - 26,702
- Anoopan -17,030
- Challiyan - 15,984
- Abhishek Jaco - 13,949
- Jacob.jose - 10,053

## 2009 ജൂലൈ മാസത്തെ ചില പ്രധാന പ്രവർത്തനങ്ങൾ

- കഴിഞ്ഞ മാസം തൊട്ട് വർഷങ്ങളായി ആരും കൈവെക്കാതിരിക്കുന്ന വിക്കിയിലെ സ്റ്റബ് ലേഖനങ്ങളെ നന്നാക്കാനുള്ള ശ്രമം തുടങ്ങി. ഇതിനായി വിവരം വളരെ കുറവുള്ള ഒറ്റവരി ലേഖനങ്ങളെ തപ്പിയെടുത്ത് നന്നാക്കാന് തുടങ്ങി. അതേ പോലെ ഒഴിവാക്കാന് നിർദ്ദേശം വച്ച ചില ലേഖനങ്ങളെ **ലേഖന രക്ഷാസംഘം** കൂട്ടായ പ്രവർത്തത്തിലൂടെ വിപുലീകരിച്ച് രക്ഷപ്പെടുത്തി. ഇതിന് മുൻകൈ എടുത്ത Rameshng പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.
- ലേഖനങ്ങള് അനുദിനം വർദ്ധിക്കുന്ന വിക്കിപീഡിയയില് ലേഖനങ്ങള് കൃത്യമായി വർഗ്ഗീകരിക്കേണ്ടത് എത്ര അത്യാവശ്യമാണ് എന്ന് വിക്കിപീഡിയയില് ലേഖനങ്ങള് ക്രമമായി വായിക്കുന്നവർക്ക് അറിയാമല്ലോ. കുറച്ച് മാസങ്ങൾക്ക് മുൻപ് മലയാളം വിക്കിപീഡിയയിലെ ലേഖനങ്ങള് കൃത്യമായി വർഗ്ഗീകരിക്കുവാന് സിദ്ധാർത്ഥന് എന്ന ഉപയോക്താവ് വർഗ്ഗം എന്ന വിക്കിപദ്ധതി തുടങ്ങിയിരുന്നു. സംഘാത പ്രവർത്തനത്തിലൂടെ വിക്കിപീഡിയയിലെ മിക്കവാറും ലേഖനങ്ങളെ വർഗ്ഗീകരിക്കുവാന് പ്രസ്തുത പദ്ധതിക്ക് കഴിഞ്ഞു. വർഗ്ഗം പദ്ധതിയുടെ ഒരു ഉപ പദ്ധതി എന്ന് പറയാവുന്ന ഒരു വിക്കിപദ്ധതി Junaidpv എന്ന വിക്കിപീഡിയന് തുടങ്ങി. വിക്കിപീഡിയയിലെ അപൂർണ്ണ ലേഖനങ്ങളുടെ ക്രമീകരണം ആണ് ഈ വിക്കിപദ്ധതിയുടെ ലക്ഷ്യം.
- ഇതിനൊക്കെ അപ്പുറം ലേഖനമെഴുത്തില് ശ്രദ്ധകേന്ദ്രീകരിക്കുകയും വളരെ മികച്ച ലേഖനങ്ങൾ എഴുതുകയും ചെയ്യുന്ന നിരവധി നല്ല ഉപയോക്താക്കള് കഴിഞ്ഞ കുറച്ച് മാസങ്ങളില് വിക്കിപീഡിയയില് എത്തി. എടുത്ത പറയേണ്ട 2 പേര് Vicharam, Razimantv എന്നിവരാണ്.

## സ്ഥിതി വിവരക്കണക്കുകൾ

ലേഖനങ്ങളുടെ എണ്ണം, തിരുത്തലുകളുടെ എണ്ണം, അപ്‌ലോഡ് ചെയ്യപ്പെട്ട ചിത്രങ്ങളുടെ എണ്ണം, പേജ് ഡെപ്ത്ത് തുടങ്ങിയവയില് വിവിധ ഇന്ത്യന് വിക്കിപീഡിയകളുടെ താരതമ്യപട്ടിക താഴെ.

| *ഭാഷ* | *ലേഖനങ്ങളുടെ എണ്ണം* | *തിരുത്തലുകളുടെ എണ്ണം* | *രജിസ്റ്റര് ചെയ്ത ഉപയോക്താക്കളുടെ എണ്ണം* | *ചിത്രങ്ങളുടെ എണ്ണം* | *പേജ് ഡെപ്ത്ത്* |
|---|---|---|---|---|---|
| **ബംഗാളി** | 20,065 | 4,96,945 | 7,275 | 1195 | 62 |
| **ബിഷ്ണുപ്രിയ മണിപ്പൂരി** | 23,416 | 4,00,817 | 4105 | 172 | 13 |
| **ഗുജറാത്തി** | 7,455 | 47,908 | 2922 | 222 | 1 |
| **ഹിന്ദി** | 34,539 | 4,16,312 | 17,394 | 3204 | 13 |
| **കന്നഡ** | 6,857 | 1,06,783 | 3710 | 1411 | 15 |
| **മലയാളം** | 10,491 | 4,09,246 | 11,993 | 6030 | 165 |
| **മറാഠി** | 23,641 | 3,94,860 | 6763 | 1722 | 15 |
| **തമിഴ്** | 18,877 | 4,14,516 | 10,299 | 3428 | 25 |
| **തെലുഗു** | 43,541 | 4,41,194 | 10,675 | 4812 | 5 |
| **സിംഹള** | 1,858 | 64,685 | 3494 | 4057 | 173 |
| | | | | | |
| **ഹീബ്രു** | 94,963 | 77,49,122 | 88,465 | 28,071 | 186.8 |
| **അറബിക്ക്** | 1,00,079 | 49,50,759 | 2,15,156 | 6293 | 168.82 |
| **ഇംഗ്ലീഷ്** | 29,76,264 | 32,33,00,994 | 1,02,01,681 | 8,53,168 | 444.02 |

വിവിധ ഇന്ത്യന് വിക്കിപീഡിയകളും ചില പ്രധാന ലോകവിക്കിപീഡിയളും വിവിധ മാനദണ്ഡങ്ങള് ഉപയോഗിച്ചുള്ള താരതമ്യ പട്ടികകള് ആണ് താഴെ. ഓരോന്നിലും മലയാളം വിക്കിപീഡിയയുടെ സ്ഥാനം ശ്രദ്ധിക്കുക.

(2009 ജൂണ് 30 വരെയുള്ള കണക്കുകള് ഉപയോഗിച്ച് തയ്യാറാക്കിതാണ് ഇത്. ജൂലൈയിലെ കണക്ക് ഒരു മാസം താമസിച്ചേ കിട്ടൂ. ആയിരത്തിലധികം വിക്കികളുടെ ഡാറ്റാ പ്രോസസ് ചെയയ്ത് വിവിധ പട്ടികകള് നിർമ്മിക്കാന് മെറ്റാവിക്കിയില് ദിവസങ്ങള് എടുക്കും. അതു കൊണ്ടാണ് ഈ താമസം.)

**കുറഞ്ഞത് 500 ബൈറ്റ്സ് എങ്കിലും വലിപ്പമുള്ള ലേഖനങ്ങളുടെ ശതമാനം**

| *ഭാഷ* | *ശതമാനം (%)* |
|---|---|
| ബംഗാളി | 53 |
| ബിഷ്ണുപ്രിയ മണിപ്പൂരി | 85 |
| ഗുജറാത്തി | 24 |
| ഹിന്ദി | 32 |
| കന്നഡ | 54 |
| മലയാളം | 81 |
| മറാഠി | 23 |
| തമിഴ് | 81 |
| തെലുഗു | 20 |
| സിംഹള | 77 |
| | |
| ജർമ്മന് | 90 |
| ഫ്രെഞ്ച് | 85 |
| ഹീബ്രു | 91 |
| അറബിക്ക് | 52 |
| ഇംഗ്ലീഷ് | കണക്ക് ലഭ്യമല്ല |

മലയാളം വിക്കിപീഡിയയിലെ 81 ശതമാനം ലെഖനങ്ങളും 500 ബൈറ്റ്സിന് മുകളില് വലിപ്പമുള്ളവയാണ് എന്ന് സാരം. 40,000 ത്തിന് മുകളീല് ലേഖനങ്ങളുള്ള തെലുഗ് വിക്കിപീഡിയയുടെ 80ശതമാനം ലേഖനങ്ങളും 500 ബൈറ്റ്സിന് താഴെ വലിപ്പമുള്ള ലേഖനങ്ങളാണ് എന്നും മനസ്സിലാക്കാം. അതായത് ഒരു തലക്കെട്ടും രണ്ടോ മൂന്നോ വരികളും മാത്രമാണ് തെലുഗ് വിക്കിപീഡിയയുടെ 80% ലെഖനങ്ങളും. വിക്കിപീഡിയ ലേഖനങ്ങൾക്ക് ആവശ്യത്തിന് ഉള്ളടക്കം നൽകാന് ശ്രമിക്കുന്നത് മലയാളം തമിഴ് വിക്കിപീഡിയകള് ആണ്.

കുറഞ്ഞത്  2 കിലോ ബൈറ്റ്സ്  (2000 ബൈറ്റ്സ്) എങ്കിലും വലിപ്പമുള്ള ലേഖനങ്ങളുടെ ശതമാനം

| *ഭാഷ* | *ശതമാനം (%)* |
|---|---|
| ബംഗാളി | 12 |
| ബിഷ്ണുപ്രിയ മണിപ്പൂരി | 1 |
| ഗുജറാത്തി | 5 |
| ഹിന്ദി | 11 |
| കന്നഡ | 14 |
| മലയാളം | 32 |
| മറാഠി | 6 |
| തമിഴ് | 22 |
| തെലുഗു | 7 |
| സിംഹള | 53 |
| | |
| ജര്‍മ്മന് | 50 |
| ഫ്രെഞ്ച് | 37 |
| ഹീബ്രു | 44 |
| അറബിക്ക് | 17 |
| ഇംഗ്ലീഷ് | കണക്ക് ലഭ്യമല്ല |

മലയാളം വിക്കിപീഡിയയിലെ 32 ശതമാനം ലെഖനങ്ങള് 2000 ബൈറ്റ്സിന് മുകളില് വലിപ്പമുള്ളവയാണ്. മുകളീലെ പട്ടികയില് ബിഷ്ണുപ്രിയ മണിപ്പൂരിയുടെ 85 ശതമാനം ലേഖനങ്ങളും 5000 ബൈറ്റ്സിന് മുകളീല് ഉള്ളവയാകുമ്പോള് 2000 ബൈറ്റ്സിന് മുകളിലുള്ള ലേഖനങ്ങളുടെ ശതമാനം വെറും1% ആണെന്ന് കാണുക. അതായത് ലേഖനങ്ങളുടെ എണ്ണം പെരുപ്പിച്ചു കാട്ടാന് നാലോ അഞ്ചോ വരികള് എഴുതിയിടുന്നവയാണ് പ്രസ്തുത വിക്കിപീഡിയയിലെ മിക്കവാറും ലെഖനങ്ങള്.  പക്ഷെ നമ്മളെ സംബന്ധിച്ചിടത്തോളം പ്രധാനം നമ്മുടെ ഇപ്പോഴുള്ള 32 ശതമാനം 60 ശതമാനം എങ്കിലും ആക്കുക എന്നതാവണം. **സിംഹള, ഹീബ്രൂ, ജര്‍മ്മന്** വിക്കിപീഡിയകള് കൂടുതല് ഉള്ളടക്കം ഉള്ള ലേഖനങ്ങൾക്ക് നല്കുന്ന പ്രാധാന്യം ശ്രദ്ധിക്കുക.

**സിംഹള വിക്കിപീഡിയയുടെ കാര്യത്തില് കൊളംബോ യൂണിവേറ്സിറ്റിയിലെ വിദ്യാര്‍ത്ഥികള് വിക്കിപീഡിയയിലെ ലേഖനമെഴുത്ത് ഒരു പ്രൊജക്ട് ആയി ഏറ്റെടുത്തിട്ടുണ്ട്.** കൊളംബോ യൂണിവേറ്സിറ്റിയിലെ വിദ്യാര്‍ത്ഥികള് എഴുതുന്ന ഓരോ ലേഖനത്തിന്റേയും വലിപ്പം നോക്കിയാല് ഇത് മനസ്സിലാക്കാം.

ഒരു വിക്കിപീഡിയ ലേഖനത്തിന്റെ ശരാശരി വലിപ്പം

| *ഭാഷ* | *ബൈറ്റ്സ്* |
|---|---|
| ബംഗാളി | 1199 |
| ബിഷ്ണുപ്രിയ മണിപ്പൂരി | 1084 |
| ഗുജറാത്തി | 758 |
| ഹിന്ദി | 1166 |
| കന്നഡ | 1358 |
| മലയാളം | 2522 |
| മറാഠി | 670 |
| തമിഴ് | 1720 |
| തെലുഗു | 688 |
| സിംഹള | 6133 |
| | |
| ജർമ്മന് | 3557 |
| ഫ്രെഞ്ച് | 3109 |
| ഹീബ്രു | 3032 |
| അറബിക്ക് | 1499 |
| ഇംഗ്ലീഷ് | കണക്ക് ലഭ്യമല്ല് |

ഓരോ വിക്കിപീഡിയ ലേഖനത്തിലും നടക്കുന്ന ശരാശരി തിരുത്തലുകളുടെ എണ്ണം

| *ഭാഷ* | *തിരുത്തലുകളുടെ എണ്ണം* |
|---|---|
| ബംഗാളി | 14.6 |
| ബിഷ്ണുപ്രിയ മണിപ്പൂരി | 8.5 |
| ഗുജറാത്തി | 5.1 |
| ഹിന്ദി | 8.3 |
| കന്നഡ | 11.6 |
| മലയാളം | 23.4 |
| മറാഠി | 12.0 |
| തമിഴ് | 15.0 |
| തെലുഗു | 7.1 |

| | |
|---|---|
| സിംഹള | 22.3 |
| | |
| ജർമ്മന് | 43.2 |
| ഫ്രെഞ്ച് | 35.2 |
| ഹീബ്രൂ | 45.4 |
| അറബിക്ക് | 20.4 |
| ഇംഗ്ലീഷ് | 65.4 |

**വിക്കിപീഡിയയില് കൂടുതല് സജീവരായ ഉപയോക്താക്കളുടെ എണ്ണം**
(കഴിഞ്ഞ 30 ദിവസത്തിനുള്ളില് 10 തിരുത്തലുകൾ എങ്കിലും വരുത്തിയവർ)

| *ഭാഷ* | *ശതമാനം (%)* |
|---|---|
| ബംഗാളി | 54 |
| ബിഷ്ണുപ്രിയ മണിപ്പൂരി | 26 |
| ഗുജറാത്തി | കണക്ക് ലഭമല്ല |
| ഹിന്ദി | 72 |
| കന്നഡ | കണക്ക് ലഭ്യമല്ല |
| മലയാളം | 97 |
| മറാഠി | 47 |
| തമിഴ് | 57 |
| തെലുഗ് | 54 |
| സിംഹള | കണക്ക് ലഭ്യമല്ല |
| | |
| ജർമ്മന് | 6804 |
| ഫ്രെഞ്ച് | 5106 |
| ഹീബ്രൂ | 673 |
| അറബി | 573 |
| ഇംഗ്ലീഷ് | 42,581 |

അടുത്ത മാസം മുതല് കൂടുതല് മാനദണ്ഡങ്ങള് ഉപയോഗിച്ച് വിപുലമായ താരതമ്യ പട്ടിക പ്രസിദ്ധീകരിക്കാം എന്ന് കരുതുന്നു.

ഷിജു